

# തളിര്

## താളുകളിലൂടെ

വിദ്യാർത്ഥികളും ജനാധിപത്യ ബോധവും.....3
പ്രകൃതി ദു:ഖം.....5
മാനസാന്തരം സ്നേഹത്തെ തിരികെ വിളിക്കുന്നു.....6
എന്റെ അമ്മമ്മ.....10
അപ്പോഴും വെയിലിന് തണുപ്പായിരുന്നു.....11
നഷ്ടപ്പെട്ട വിശ്വാസം.....13
A DAY AT THE BEACH.....15
MY WONDERFUL DREAM.....17

## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ : മേരി ടീച്ചർ**

**സ്റ്റുഡന്റ് എഡിറ്റർ : ഷിഫാന ഷെറിൻ**

**എഡിറ്റോറിയൽ ബോർഡ് :** ***നാജിയ നസ്റിൻ***

***റഹീഫ നാജിയ***

***റിയ ഫാത്തിമ***

***മുഹമ്മദ് ജവാദ്***

***ദീപക് ദിലീപ്***

# വിദ്യാർത്ഥികളും ജനാധിപത്യ ബോധവും

ഈ പുതുതലമുറയുടെ ഈ ലോകത്തിന്റെ അല്ലെങ്കിൽ ഒരു രാജ്യത്തിന്റെ സമ്പത്ത് വിദ്യാർത്ഥികളാണ്. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്നാണ്.ഒരു രാജ്യത്തിന്റെ സമ്പത്തായ വിദ്യാർത്ഥികളാണ് ഒരു രാജ്യത്തിന്റെ ശാസ്ത്ര സാങ്കേതിക പുരോഗമനത്തിന് അത്യധികം സഹായകമാണ്. ഇന്ന് ഈ ലോകത്തിൽ സാക്ഷരത കൂടി വരുന്ന സ്ഥിതിയാണ്.ഇന്ത്യയിൽ അല്ലെങ്കിൽ കേരളത്തിൽ വച്ച് നോക്കുമ്പോൾ സാക്ഷരത കൂടി വരുന്ന സ്ഥിതിയാണ് നാം കണ്ടു വരുന്നത്.സാക്ഷര സംസ്കാരത്തിന്റെ ഉറവിടം എന്നാണ് കേരളം ഇന്ന് അറിയപ്പെടുന്നത്. വിദ്യാഭ്യാസം എന്നത് ഏതൊരു പൗരന്റെയും അവകാശമാണ്. ബുദ്ധിയുള്ള ജനത ലോകത്ത് കൂടും തോറും ആ രാജ്യത്തിന്റെ സാക്ഷരത കൂടി വരും..

വിദ്യ അർത്ഥിക്കുന്നവനാണ് വിദ്യാർത്ഥി. ഏത് പ്രായത്തിലും വിദ്യ അർത്ഥിക്കുന്നവൻ വിദ്യാർത്ഥി.വിദ്യ അഭ്യസിക്കുന്ന ആളുകൾ കൂടും തോറും ശാസ്ത്ര സാങ്കേതിക വിദ്യ വളരുന്നു. ഒരു രാജ്യത്തിന്റെ പല പല രംഗത്തും മുന്നേറുവാൻ സഹായകമായി മാറുന്നത് വിദ്യാർത്ഥികളാണ്. അവരുടെ അറിവുകളാണ്.
എന്നാൽ വിദ്യാർത്ഥികളുടെ അല്ലെങ്കിൽ വിദ്യയുടെ പ്രാധാന്യം കുറഞ്ഞ ഒരു കാലഘട്ടമുണ്ടായിരുന്നു.പണ്ട് കാലങ്ങളിൽ രാജ്യത്ത് രാജവാഴ്ചയായിരുന്നു. രാജ്യത്തിന് ഒരു രാജാവും മന്ത്രിമാരും ഉണ്ടാവും. അവരുടെ കാലശേഷം ആ പദവിയിലേക്ക് അവരുടെ കുടുംബാംഗങ്ങൾ ആരെങ്കിലും കടന്നു വരും.എന്നാൽ അവരൊഴിച്ച് ബാക്കിയാളുകൾ താഴ്ന്ന ജീവിതം നയിച്ചവരാണ്. അവർ എന്നും രാജാവിന്റെ ഭൃത്യന്മാരായി കഴിയേണ്ടിവന്നു. ജനങ്ങൾക്ക് രാജ്യത്തിന്റെ മേൽ ഒരു അവകാശവും ഇല്ലാത്ത കാലഘട്ടമുണ്ടായിരുന്നു.എന്നാൽ അങ്ങനെയൊരു കാലഘട്ടത്തിൽ നിന്ന് മാറി ജനങ്ങൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട നേതാവിനെക്കൊണ്ട് രാജ്യം ഭരിപ്പിക്കുകയും രാജ്യത്തെ പൗരന്മാർക്ക് അവകാശപ്പെട്ട എല്ലാ അവകാശങ്ങളും നേടിയെടുക്കുകയും ചെയ്യുന്ന

കാലമാണിന്ന്.

ഇന്ന് രാജ്യത്ത് രാജവാഴ്ചക്ക് പകരം ജനങ്ങളും ആധിപത്യമാണ് നടനമാടിക്കൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതനുസരിച്ച് രാജ്യം പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളുടെ അല്ലെങ്കിൽ അറിവുള്ളവരുടെ എണ്ണം കൂടുന്നതിനനുസരിച്ച് ഒരു രാജ്യം പുരോഗതിയിലേക്ക് വളരുന്നു. ഒരു ജനാധിപത്യ രാജ്യത്ത് ഒരു മനുഷ്യന് അർഹതപ്പെട്ട എല്ലാ നീതിയും ലഭിക്കുന്നു. ഒരുവന് തന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതു വരെ പോരാടാൻ അർഹതയുണ്ട്. ഓരോ മനുഷ്യനിലും ജനാധിപത്യ ബോധം ഉടലെടുക്കുമ്പോൾ ആ രാജ്യം വികസിതമാകുന്നു. വിദ്യാർത്ഥികളും ജനാധിപത്യ രാജ്യവും പരപ്പരം ബന്ധിതമാണ്.

ശ്രുതി. ടി.എസ്





# പ്രകൃതി ദു:ഖം

പറയുവാൻ എന്തുണ്ട് ലോകത്തിന്
പറയുവാൻ പലതുണ്ട് പറയുകില്ല
പറയുന്നതൊന്നും പ്രകൃതമല്ല
ഈ പുതു ലോകമൊക്കെ വികൃതമാണ്
പുതുമകൾ ചെയ്യും മനുഷ്യനുണ്ട്
അവർ പലതും മുട്ടപ്പിച്ച് കാണുന്നു നാം
പ്രളയത്തെ മല്ലിട്ടു വന്നതീ ഞാൻ
എന്നിൽ ഒരു തുള്ളി ജീവനേ ബാക്കിയുള്ളൂ
മനുഷ്യർക്ക് വേണ്ടാത്ത പ്രകൃതിയാം ഞാൻ
വീണ്ടും തിരികെ വിളിക്കുന്നു പ്രളയത്തിനെ
മുൻപ് എന്റെ ലോകത്തിൻ വരദാനമായ ഞാൻ
ഇന്നെന്റെ ലോകത്തിൽ പ്രതികാരമായ്
പണ്ട് ഞാൻ ജീവനു ജന്മമേകും
ഇന്ന് ഞാൻ ജീവന്റെ കാലനാകും
പ്രകൃതിയുണ്ടെങ്കിലേ മനുഷ്യനുള്ളൂ
മനുഷ്യാ ഈ സത്യത്തെ തിരിച്ചറിയൂ

ദേവിക പി.എസ്10 D



# മാനസാന്തരം സ്നേഹത്തെ തിരികെ വിളിക്കുന്നു

ഒരു തണുപ്പുള്ള രാത്രിയിൽ,നിലാവിനെ നോക്കി ഉമ്മറത്തെ ചാരു കസേരയിൽ കിടന്നുകൊണ്ട് സകറിയാ വളരെ ഉത്കണ്ഠയോടെ ചിന്തിക്കുകയാണ്. ഇന്ന് യഥാർത്ഥത്തിൽ,ഞാൻ കണ്ടത്; ഓ അതൊന്നും എനിക്കോർക്കാനേ സാധിക്കുന്നില്ല. എന്നും നാട്ടുകാരുടെ മുൻപിൽ തലയുയർത്തിനടന്നിരുന്ന ഞാൻ ഇന്ന് ആദ്യമായി തലകുനിക്കേണ്ടി വന്നു.

എല്ലാവരും എന്റെ നേരെ തിരിഞ്ഞ് ഓരോരുത്തർക്ക് പറയേണ്ടത് പറഞ്ഞിട്ടാ പോയത്. അതോടൊപ്പം എല്ലാവരുംതന്നെ ഇക്കാര്യം അറിഞ്ഞുകഴിഞ്ഞിരിക്കുന്നു.പെട്ടെന്ന് അകത്ത് നിന്ന് ഒരു വിളി അപ്പച്ചാ വന്ന് കിടന്നോളൂ, കിടക്ക ഒരുക്കിവച്ചിട്ടുണ്ട്. അവൾ ഒന്നും പറയാതെയാണ് ഇന്ന് വീട്ടിൽനിന്നും ഇറങ്ങിയത്. ഞാൻ വിചാരിച്ചു ഇന്ന് എന്നോട് ഒന്നും മിണ്ടുകയില്ലെന്ന്. ഒരു തെല്ലാശ്വാസമായി. അവളെന്നോട് മിണ്ടിയല്ലോ. ഹൃദയത്തിന്റെ ഭാരം കുറച്ചു തണുത്തുകഴിഞ്ഞിരുന്നു. ഞാൻ ഒന്നു നിവർന്ന് കൈയ്യൊന്ന് ഉയർത്തി നെഞ്ചുവിരിച്ചെഴുന്നേറ്റു. ഞാൻ ആനിയോട് ആ വിളക്കൊന്നു കാണിച്ചുതരുമോന്ന് ചോദിച്ചു. മറുപടി ഒന്നും കേൾക്കാത്തതിനാൽ ഞാൻ നടക്കുവാനായി കാല് ഒന്നു നീക്കുന്നനേരത്ത് പെട്ടെന്ന് അവൾ വിളക്കുകൊണ്ടുവന്നു. സൂക്ഷിച്ചു കയറി വരൂ അപ്പച്ചാ. ഒരു ആഗ്രഹമെന്നപോലെ പെട്ടെന്ന് സകറിയായുടെ മനസ്സിൽ അവൾ ഒരു മകളായി മാറി. ഞാൻ അവളോട് പറഞ്ഞു, ഇന്ന് നടന്നത് നീ അറിഞ്ഞുണ്ടാകുമല്ലോ.അവൾ പറയാനായി ചുണ്ട് ഉയർത്തുന്നില്ല എന്നു കണ്ടപ്പോൾ സകറിയ തുടർന്നു പറഞ്ഞു, നീ അവൻ ചെയ്ത വൃത്തികേടിന് എന്നെയും അവനെയും വെറുക്കരുത്. ഇല്ല അപ്പച്ചാ, ഞാനത് എപ്പോഴേ മറന്നുകഴിഞ്ഞു. അവളതു പറഞ്ഞപ്പോൾ സകറിയായുടെ ഉള്ളിലെ എല്ലാ വെമ്പലും അകന്നുകഴിഞ്ഞിരുന്നു. സകറിയാ പറഞ്ഞു; ആൾക്കാർ നിന്നെ ആ കാര്യം പറഞ്ഞ് പരിഹസിച്ചേക്കാം. എന്നാൽ നീ ഭയപ്പെടരുത്. ഇല്ല അപ്പച്ചാ എന്ന് പറഞ്ഞ് അവൾ മുറിയിലേക്ക് പോയി. സകറിയാ മുഖമൊന്ന് തിരുമ്മി കിടന്നു. ആനി തന്റെ മുടിയിഴകളോരോന്ന് വിടർത്തി വാതിലടയ്ക്കാൻ തുടങ്ങിയപ്പോൾ

പെട്ടെന്ന് ആ ഇരുട്ടിലൂടെ ആരോ നടന്നുവരുന്നുണ്ട്. കാലൊച്ചകളുടെ ശബ്ദം കേട്ടാണ് അവൾ അത് തിരിച്ചറിഞ്ഞത്.

പെട്ടെന്ന് തന്നെ അവൾക്ക് ആരാ വരുന്നതെന്ന് മനസ്സിലായി. അവൾ അത് കാര്യമാക്കാതെ വാതിൽ ചാരിയിട്ടതിനു ശേഷം മുറിയിലേക്കു പോയി. സകറിയാ മയങ്ങിതുടങ്ങിയിരുന്നു. പെട്ടെന്ന് ആ ശബ്ദം കേട്ടവനുണർന്നു. അത് തന്റെ മകന്റേതാണെന്ന് അവൻ തിരിച്ചറിയാൻ ഒരു നിമിഷം മതിയായിരുന്നു. മകന്റെ ശബ്ദം കേട്ടപ്പോൾ അവനിന്ന് കാണിച്ച വൃത്തികേടിനല്ലേ താൻ എല്ലാവരുടെയും മുന്നിൽ പരിഹാസപാത്രമായി തീർന്നതെന്ന് അവൻ ഓർത്തു. പെട്ടെന്ന് സകറിയാ തന്റെ മകനിന്ന് കാണിച്ചത് ഓർത്തു.

ചുവന്നുതുടുത്തുകിടക്കുന്ന ആകാശം, മരങ്ങൾ, കിളികളുടെ മധുരമായ ഗാനങ്ങൾ, ഇവയെല്ലാം നിറഞ്ഞ ഒരു പ്രഭാതം. ജാലകപാളികൾക്കിടയിലൂടെ കടന്നുവന്ന വെളിച്ചം ആനിയുടെ മുഖത്തുതട്ടി. അവൾ മെല്ലെ കണ്ണുചിമ്മി തുറക്കാൻ ശ്രമിച്ചു. പക്ഷെ പ്രതികൂലമായ സൂര്യന്റെ രശ്മികൾ അതിന് സമ്മതിച്ചില്ല. അവൾ കൈകൾ കണ്ണിനുമുകളിൽ മറച്ച് മുടികൾ ചുരുട്ടികെട്ടിയതിനു ശേഷം കട്ടിലിൽ ഇരുന്നു. അവൾ മെല്ലെ കൈകൾ തന്റെ മുഖത്തുകൂടി മുടിയിലേക്ക് ഉരസി. അവൾ കൈകൾ കൂപ്പി പ്രാർത്ഥിച്ചതിനു ശേഷം പ്രഭാതകർമ്മങ്ങൾ നിർവഹിക്കാൻ പോയി. അവൾ കുളിച്ച് മുറിയിലേക്ക് വന്നപ്പോൾ അവിടെ അബ്രഹാമിനെ കാണുന്നില്ല. അവൾ പരവേശത്തോടെ ചുറ്റിലും നോക്കി, കണ്ടില്ല, ഉറക്കെ വിളിച്ചു.അതുകേട്ടാണ് ഞാൻ ഉണർന്നത്. തിടുക്കത്തിൽ എന്താണ് കാര്യമെന്നറിയാൻ ആനിയുടെ അടുത്തേക്ക് ചെന്നപ്പോൾ അവൾ കാര്യങ്ങൾ എല്ലാം വ്യക്തമാക്കി. ഞാൻ പെട്ടെന്ന് പേടിച്ചുവെങ്കിലും അവനിങ്ങ് വന്നോളും എന്ന് പറഞ്ഞു. അവൾ ചെറുതായി തന്റെ ഭയത്തെ മാറ്റി. അവൾ പ്രഭാതഭക്ഷണം തയ്യാറാക്കുവാൻ അടുക്കളയിലേക്ക് പോയി. കുറച്ചുകഴിഞ്ഞ് അപ്പച്ചാ വാ ചായ എടുത്തിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് ആനി തീൻമേശയിലേക്ക് വന്ന് എന്നെ കാത്തുനിന്നു. പ്രഭാതഭക്ഷണത്തിനു ശേഷം ഉമ്മറത്തെ ചാരുകസേരയിൽ വിശ്രമിക്കുകയായിരുന്നു ഞാൻ. ആനി ഒരു സഞ്ചിയുമെടുത്ത് എന്റെ അടുത്ത് പറഞ്ഞ് അവൾ പലചരക്കുസാധനങ്ങൾ വാങ്ങാൻ പോയി. കുറെ നേരമായിട്ടും അവളെയും, അവനെയും കാണാതെ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചുനിൽക്കുമ്പോൾ ആനി സാധനങ്ങളുമായി

വന്നു. അവളോട് ഞാൻ വൈകിയതെന്താണെന്ന് ചോദിച്ചു. അവളൊന്നും മിണ്ടിയില്ല. കുറച്ചുനേരത്തിനു ശേഷം ഞാൻ ഉറക്കെ ഒന്നു വിളിച്ചു പറഞ്ഞതിനു ശേഷം അങ്ങാടിയിലേക്കു പോയി. അവിടെ ചായക്കടയിൽ എന്തോ പ്രധാനപ്പെട്ട വിഷയം കിട്ടിയിരുന്നു കുറ്റങ്ങൾ പറയാൻ, ഞാൻ അവരുടെ കൂടെ ഇരുന്നപ്പോൾ എല്ലാം ബോധ്യപ്പെട്ടു. തന്റെ മകൻ എന്താണ് ചെയ്തതെന്ന് ചായകടക്കാരൻ ലോഹിതാക്ഷന്റെ വായിൽ നിന്ന് കേട്ടപ്പോൾ മദ്യപിച്ചു ലക്കില്ലാതെ ഒരു പെണ്ണിനെ കേറി പിടിച്ചിരിക്കുന്നു. പെട്ടെന്ന് എന്റെ അടിവയറ്റിലൊരു ആളലായി ആ വിഷയം മാറിയിരിക്കുന്നു.

പെട്ടെന്ന് ഒരു വലിയ ശബ്ദം കൂടികേട്ടപ്പോൾ ഞാൻ കട്ടിലിൽ നിന്നും എഴുന്നേറ്റു. അവൻ കുടിച്ചുലക്കില്ലാതെ അവളെ ചീത്തപറയുകയാണ്. അത് സഹിക്കവയ്യാതെ ഞാനവനെ ഒന്നു തല്ലി. അവനാ തല്ലിൽ ബോധംകെട്ടുവീണു കഴിഞ്ഞിരുന്നു. രാവിലെ അവനോട് സംസാരിക്കാമെന്ന് കരുതി സകറിയാ വീണ്ടും പോയി കിടന്നു.

രാവിലെ ഒരു നന്മയുടെ പ്രകാശം പോലെ സൂര്യന്റെ പ്രഭയായിരുന്നു എങ്ങും. അപ്പോഴും ആ വെയിലിന് രാത്രിയുടെ തണുപ്പായിരുന്നു. ആനി രാവിലെ എഴുന്നേൽക്കുമ്പോൾ അബ്രഹാം തന്റെ കാൽക്കൽ വീണ് കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ആനിയുടെ മനസ്സിൽ അതൊരു അലിവിന്റെ സ്പർശനമായി മാറികഴിഞ്ഞിരുന്നു. പെട്ടെന്ന് അവൾ അവന്റെ കൈകളിൽ പിടിച്ചു. അവൻ പറഞ്ഞു; ആനി എന്നോട് ക്ഷമിക്കണം. എന്റെ വൃത്തികെട്ട മദ്യപാനമാണ് എന്നെ ഈ തിന്മയിലേക്ക് വഴുതിവീഴിപ്പിച്ചത്. ഞാനിനി ഒരിക്കലും മദ്യപിക്കുകയില്ല. എന്നെ നീ വെറുക്കരുതേ. ഈ സമയം സകറിയാ വാതിലിനരികിലുണ്ടായിരുന്നു. അവൻ അവളുടെ ആ വാക്കുകൾക്കായി കാതോർത്തുനിന്നു. അവൾ പറഞ്ഞു; ഇനി ഒരിക്കലും നിങ്ങൾ മദ്യപിക്കരുത്. അതെന്നെ തളർത്തിക്കളയും.അവർ പരസ്പരം കെട്ടിപിടിച്ചുകൊണ്ട് കരഞ്ഞു. അതുകണ്ട സകറിയായുടെ മനസ്സിനെ സ്നേഹം എന്ന ഒരു സ്വർഗം തേടിയെത്തി. പിന്നെയും ആ വെയിലിന് തണുപ്പുണ്ടായിരുന്നു.

# എന്റെ അമ്മമ്മ

താഴെ വെക്കാതെ ലാളിച്ച് വളർത്തിയ
ഒരമ്മമ്മയുണ്ടായിരുന്നെനിക്ക്
ആയിരം കഥ പറഞ്ഞ് എന്നെയുറക്കുന്നൊ-
രമ്മമ്മയുണ്ടായിരുന്നെനിക്ക്
കൊതിതീരാത്ത ഉമ്മവെച്ചെന്നെ  നോക്കുന്ന
ഒരമ്മമ്മയുണ്ടായിരുന്നെനിക്ക്
എൻമുഖം വാടാതെ സൂക്ഷിക്കുന്നൊര-
മ്മമ്മയുണ്ടായിരുന്നെനിക്ക്
എന്നുമെൻ മനസ്സിൽ നോവറിയുന്നൊര-
മ്മമ്മയുണ്ടായിരുന്നെനിക്ക്
ആനനത്തിലെപ്പോഴും പുഞ്ചിരി കാക്കുന്നൊ-
മ്മമ്മയുണ്ടായിരുന്നെനിക്ക്
കണ്ട്കൊതി തീരാതെ പോയ് മറഞ്ഞൊരു-
അമ്മമ്മയുണ്ടായിരുന്നെനിക്ക്
കാണാൻ കൊതിയേറെയുണ്ടെന്നമ്മമ്മയെ............





തളിര്

# അപ്പോഴും വെയിലിന് തണുപ്പായിരുന്നു

പുലർകാല വേളയിലെ പുല്ലുകൾക്കിടയിലുള്ള പളുങ്കുമണികൾ ചവിട്ടിമെതിച്ച് നടക്കുകയായിരുന്നു ബാലു. മതിലുകൾ പോലുള്ള കനത്ത കോടമഞ്ഞിലൂടെ മഞ്ഞിനെ വേർതിരിച്ചുള്ള ആ നടത്തം അവന് ഏറെ രസകരമായി തോന്നി. പറമ്പിലൂടെ അങ്ങോട്ടും ഇങ്ങോട്ടും അവൻ ഓടി നടന്നു. ചാടി മറിഞ്ഞ് അവൻ എത്തിയത് കളകളാരവത്തോടെ അവൻ എത്തിയത് കളകളാരവത്തോടെ ഒഴുകുന്ന ഒരു കൊച്ചു നദിക്കരയിലാണ്.- "ഹാ! എന്തൊരു ഭംഗിയാണ് നിന്നെ കാണാൻ "ആരോടെന്നില്ലാതെ അവൻ പറഞ്ഞു.-' എത്ര നാളായ് ഞാൻ ഇവിടെ വന്നിട്ട് . എന്നിട്ട് ഇത്രനാളും നിന്നെ ഞാൻ കണ്ടില്ലല്ലോ.ഇതുവരെ നീ എവിടെയായിരുന്നു?". ആ കുഞ്ഞു മനസ്സിലെ ചോദ്യങ്ങളുടെ കെട്ടുകളഴിഞ്ഞു." ബാലു ......" പുറകിൽ നിന്നൊരു വിളി മൂടൽമഞ്ഞിന്റെ കെട്ടുകൾ അകന്നിരുന്നു. "അല്ല ഇതാര് കുഞ്ഞൂട്ടനോ? എപ്പം വന്നു ?" "ദാ ഇപ്പം .യ്യ് ന്താ ഇവിടെ നോക്കിക്കണേ ?" "ഓ ഞാനിതിന്റെ ഭംഗി ആസ്വദിക്കുവാ. നീ ഇങ്ങോട്ടു വന്നേ ഒരു കൂട്ടം കാണിച്ചു തരാം." കുഞ്ഞൂട്ടൻ മെല്ലെ ബാലുവിന്റെ അടുത്തേക്ക് നീങ്ങി. എന്താണാ കാഴ്ച്ചയെന്നറിയാൻ കുഞ്ഞൂട്ടൻ കൗതുകത്തോടെ ആ തെളിനീരിലേക്കു നോക്കി. കുറേ കുഞ്ഞു മത്സ്യങ്ങൾ കൂട്ടമായ് വെള്ളത്തിലൂടെ അങ്ങോട്ടുമിങ്ങോട്ടും പരക്കം പായുന്നു."എന്തിനാ ഇവരിങ്ങനെ തെക്കുവടക്ക് പായുന്നേ?"ബാലുവിന് വീണ്ടും സംശയമായ് ." ആ ..... അതിപ്പം ഓടിക്കളിക്കാന്ന് തോന്നണ്" "വാ.. മ്മക്ക് വീട്ടിപ്പോവാ ".ബാലുവിന്റെ സംശയമടങ്ങിയില്ല. എങ്കിലും കുഞ്ഞൂട്ടൻ പറഞ്ഞതനുസരിച്ച് ഇരുവരും കൂടി വീട്ടിലേക്ക് നടന്നു.ബാലു പൊട്ടിക്കാതെ വെച്ച മഞ്ഞിൻ തുള്ളികൾ അപ്പോഴേക്കും അപ്രത്യക്ഷമായിരുന്നു. സൂര്യരശ്മികൾ മരച്ചില്ലകൾക്കിടയിലൂടെ നുഴഞ്ഞിറങ്ങുന്നു. വീട്ടിലെത്തിയപാടെ വയറിന്റെ പ്രതിഷേധം വകവെക്കാതെ ഇരുവരും കളിക്കോപ്പുകളുമായി മൈതാനത്തേക്കോട്ടി. അവർ മൈതാനത്തെത്തിയതും മഴത്തുള്ളികൾ ഭൂമിയിൽ പതിക്കാൻ തുടങ്ങി.ബാലുവും കുഞ്ഞൂട്ടനും ഒരു മരത്തിൽ ചുവട്ടിൽ അഭയം തേടി. മണ്ണിൽ പതിച്ച മഴത്തുള്ളികൾ മൈതാനത്തിൽ

ഒഴുകി നടന്നു. സമയം കടന്ന് പോയത് ബാല്യവും കുഞ്ഞൂട്ടനും അറിഞ്ഞില്ല. മഴ മാറി വെയിൽ വീണ്ടും ചാരന്മാരെപ്പോലെ നുഴഞ്ഞിറങ്ങാൻ തുടങ്ങി. സമയം ഉച്ചയായി വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന മൈതാനം നോക്കി ഇരുവരും വീട്ടിലേക്ക് നടന്നു.' അപ്പോഴും വെയിലിന് തണുപ്പായിരുന്നു.'

ദിൽഷ ബിനു



തളിര്

## നഷ്ടപ്പെട്ട വിശ്വാസം

ആ അമ്മയതാ തൻ കുഞ്ഞിനെ വാരിപ്പുണർന്നു
വാരിപ്പുണർന്നു മാറോട്ടു ചേർത്തു വെച്ചൊരാ പൂ പോലുള്ള കൈകൾ
പിച്ചിച്ചീന്തിയൊരാ പിഞ്ചു കുഞ്ഞിനെ .......
മഴയായ് പെയതിറങ്ങി കണ്ണീർക്കണങ്ങൾ അമ്മയിൽ നിന്നും
സംരക്ഷിക്കേണ്ടൊരാ അച്ഛൻ ചെയ്തൊരാ ക്രൂരതകൾ
ജന്മം നൽകിയൊരാക്കൈകൾ ക്രൂരത കാട്ടുമ്പോൾ
വിങ്ങിപ്പൊട്ടുന്നു..... തേങ്ങുന്നൊരാ അമ്മതൻ മനം
വിശ്വാസത്തിൻമേൽ കെട്ടിയൊരാ താലിച്ചരട്
പൊട്ടിച്ചെറിയുന്നു മനസ്സിൽ നിന്നെന്നേക്കുമായ്
നഷ്ടപ്പെട്ടൊരാ വിശ്വാസം.............
നഷ്ടപ്പെട്ടൊരാ ജീവിതം................
തേങ്ങുന്നൊരാ പിഞ്ചു കുഞ്ഞിൻ മനം
നാളെയെൻ ജീവിതമിനിയെന്തെന്നോർക്കുമ്പോൾ
അനാഥത്വത്തിൻ ചവറ്റുകൊട്ടയിലെറിയപ്പെടുന്നു
പരാജയത്തിൽ ചവിട്ടുപടികൾ എണ്ണിക്കയറുന്നു
ഇനിയെന്തുണ്ടെൻ ജീവിതത്തിനൊരാശ്വാസമായ്
അമ്മ....... എന്നമമ്മ മാത്രം
കൂടെയ താ നഷ്ടപ്പെട്ടൊരാ വിശ്വാസവും
അപ്പുറത്തതാ ലാളിക്കുന്നച്ഛനാക്കൊച്ചിനെ
നോക്കി നിൽക്കെ പിടയുന്നി പിഞ്ചു കുഞ്ഞിൻ മനം
ചേർത്തുവച്ചമ്മ ചൊല്ലി അമ്മയുണ്ടെന്നും നിൻ കൂടെ
ഒഴുകുന്ന കണ്ണീർക്കണങ്ങൾ മിഴിരണ്ടിലും
നഷ്ടപ്പെട്ടൊരാ വിശ്വാസത്തിനിടയിൽ
വളർന്നു വന്നൊരാ പിഞ്ചുകുഞ്ഞിൻ ജീവിത മിനിയെന്ത്?
അറിയില്ലെ വിടേക്കെൻ വിശ്വാസങ്ങൾ പരക്കുന്നു
സമാധാനത്തിൻ പക്ഷികൾ കൂടുവിട്ടൊഴുകുന്നു

നഷ്ടപ്പെട്ടൊരാ വിശ്വാസങ്ങൾ............
നഷ്ടപ്പെട്ടൊരാ സംസ്കാരങ്ങൾ മാത്രം

# A DAY AT THE BEACH

A boy of eleven, Was coming to home from school. He opened the door with a kick and the the closed it with a bang. His Mom was curious with the sounds and come to know what was that. Seeing His son with tears in his eyes, His mom asked what happened. Like every mediocre school student, he hadn't done his homework. His mom asked, "Jastin, what happened ? He answerd in a low frequency voice , I forgot to do my homework. Even though He didn't liked to do homework, he told lie. As usual, his mother told him some 'be positive' words and he got bored. Both his mother and father was not much strict. Still, he didn't had a peaceful life. He was considered a black sheep in the family.

The next day was a holiday. So he didn't do anything books. Suddenly, someone knocked the door of his room. It was his father . Son, tomorrow we are going for a trip to the mexico beach . So pack everything you need . We have to go early morning . All the dissappointment and deppression that ruled his life was washed away from a moment .

Justin had never seen a beach in his life for real . He was really exited. He jumped on to his bed and

started counting each and every second and made it to next morning

the next morning he woke early and started doing his morning father.

Three of them . Went on to the he was going to to see a beach for the first time

Soon, he reached the beach . The beach was not as he thought. There was a loved

and horrible but it was good. He enjoyed the scenery. But not for long . As he was playing in the

water, he saw square waves just in front of him. He recalled the words his physics teacher.

Whenever you see square waves in a sea, run away from there. Because, there will be an up

coming tsunami . Justin screamed aloud that there will be a tsunami now. Some of the people

ran with him while others stayed there . They thought that it was a prank . Until they saw the

tides going far from them . They too ran with him . Everyone was saved just because of justins timing and wisdom. Justin was the here of the day . Everyone thanked him that was very wonderful

day in the beach and a very scary experience.



# MY WONDERFUL DREAM

Oh! my wonderful dream
you make me happy
and it is about glowing in stream
while thinking about my dream

Oh! My mom she steps into there
And my pappa he is inspiration
I am got the inspiration where ....
I am down into the life's sadness

Wonderful dreams come out from wonderful memories
And it also inspiration for life
And it makes the sorrows be happy
And also make the smile be sorrow

The moon touch in my dream
And the sun gave lights for it
My mom is the best flower in my yard
And my pappa is the sun who gaves the light

Dream have two keys there
Sorrows and the happines
Both keys makes the dream wonderful
As the plano makes the bright music
when the both keys together work

തളിര്

keep clam with your dream
and yet nothing makes it bad
because you are the great step to your dream
And you only can make it wonderful

Oh! my god you can make it beautiful
And my pappa you can make it wonderful
And my mama you are the hands of my life
And i am yourself is the flower.




Thank
you

